**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - തിരുവനന്തപുരം നഗരസഭ - സീനിയർ ക്ലാർക്ക് എം. മുഹമ്മദ് ആരിഫ്ഖാൻ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA. No. 1870/2016-ലെ 08.08.2016 ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം. 2713/2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 23.09.2016.

==========================================================

**പരാമർശം :**
1) 22.07.2016 തീയതിയിലെ നഗരകാര്യ ഡയറക്ടറുടെ ഇ6-16362/16 നം. ഉത്തരവ്.
2) 08.08.2016 തീയതിയിൽ ശ്രീ. എം. മുഹമ്മദ് ആരിഫ് ഖാൻ സമർപ്പിച്ച Annexure A8 അപേക്ഷ.
3) സീനിയർ ക്ലാർക്ക് ശ്രീ. മുഹമ്മദ് ആരിഫ് ഖാൻ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂലിൽ ഫയൽ ചെയ്ത OA.No. 1870/2016ലെ 08.08.2016 തീയതി, ബഹു. ട്രിബ്യൂണൽ ഉത്തരവ്.
4) 28.07.2016 തീയതിയിലെ സ.ഉ. (കയ്യെഴുത്ത്) നം.114/2016/ പൊതു ഭരണം നം. ഉത്തരവ്.
5) 30.08.2016 തീയതിയിലെ നഗരകാര്യ ഡയറക്ടറുടെ ഇ3-18443/2016 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം തിരുവനന്തപുരം കോർപ്പറേഷനിലെ സീനിയർ ക്ലാർക്കായ ശ്രീ. എം. മുഹമ്മദ് ആരിഫ്ഖാനെ, തൃശൂർ ജില്ലയിലെ കുന്നംകുളം മുൻസിപ്പാലിറ്റിയിലേക്ക് സ്ഥലം മാറ്റിക്കൊണ്ട് നഗരകാര്യ ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തിരുവനന്തപുരം കോർപ്പറേഷനിൽ National Population Register സംബന്ധമായ ജോലിയുടെ സൂപ്പർവൈസറായ തന്നെ സ്ഥലം മാറ്റിയ ഉത്തരവ്, പരാമർശം നാലിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ റദ്ദുചെയ്യണമെന്നാവശ്യപ്പെട്ട് സീനിയർ ക്ലാർക്ക് ശ്രീ. എം. മുഹമ്മദ് ആരിഫ്ഖാൻ പരാമർശം രണ്ട് പ്രകാരം സർക്കാരിന് ഹർജി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷ മൂന്ന് ആഴ്ചയ്ക്കകം പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കുവാൻ പരാമർശം മൂന്ന് പ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ സർക്കാരിനോട് നിർദ്ദേശിച്ചു.

2. ശ്രീ. മുഹമ്മദ് ആരിഫ്ഖാനെ തിരുവനന്തപുരം നഗരസഭയിൽ നിന്നും വിടുതൽ ചെയ്തിട്ടില്ലെന്നും National Population Register അസിസ്റ്റന്റ് നോഡൽ ഓഫീസറായി തുടരുന്നതിനാൽ ടി ജോലി പൂർത്തിയാകുന്നതുവരെ ടിയാനെ തിരുവനന്തപുരം നഗരസഭയിൽ തുടരുന്നതിന് അനുമതി നൽകാമെന്നും പരാമർശം 5-ലെ കത്തിൽ നഗരകാര്യ ഡയറക്ടർ സർക്കാരിന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സർക്കാർ ഇക്കാര്യം പരാമർശം 4-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ശ്രീ. മുഹമ്മദ് ആരിഫ്ഖാൻ നാഷണൽ പോപ്പുലേഷൻ രജിസ്റ്റർ സംബന്ധമായ അസിസ്റ്റന്റ് നോഡൽ ഓഫീസറായി തുടരുന്നതിനാൽ ടിയാനെ ഇപ്പോൾ ട്രാൻസ്ഫർ ചെയ്യുന്നത് ഉചിതമല്ലാ എന്ന് സർക്കാർ കാണുന്നു. ഈ സാഹചര്യത്തിൽ തിരുവനന്തപുരം കോർപ്പറേഷനിലെ സീനിയർ ക്ലാർക്കായ ശ്രീ. മുഹമ്മദ് ആരിഫ് ഖാനെ കുന്നംകുളം മുനിസിപ്പാലിറ്റിയിലേക്ക് സ്ഥലം മാറ്റിയ നഗരകാര്യ ഡയറക്ടറുടെ പരാമർശം 1 ഉത്തരവിലെ പ്രസക്തഭാഗം റദ്ദു ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. മേൽപ്പറഞ്ഞ പ്രകാരം പരാമർശം 3 ലെ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് നടപ്പിലാക്കി ഉത്തരവാകുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**രമേശൻ.എം.കെ.,**
**ജോയിന്റ് സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം
(ആമുഖ കത്ത് സഹിതം)
അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്), തിരുവനന്തപുരം.
ശ്രീ. എം. മുഹമ്മദ് ആരിഫ്ഖാൻ, സീനിയർ ക്ലർക്ക്
(നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, കേരള സ്റ്റേറ്റ് ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(ഈ ഉത്തരവ് വെബ്സൈറ്റിൽ പരസ്യം ചെയ്യുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**